## വാർഷിക അക്കാദമിക മാസ്റ്റർ പ്ലാൻ



# വെളിച്ചം

**മേപ്പയൂർ നോർത്ത് എം എൽ പി സ്കൂൾ**

# ആമുഖം

കോഴിക്കോട് ജില്ലയിലെ മേലടി സബ്ജില്ലയിൽ ഉൾപ്പെട്ട സ്കൂളാണ് മേപ്പയൂർ നോർത്ത് എം.എൽ.പി സ്കൂൾ. നഴ്സറി അടക്കം 120 ൽ കൂടുതൽ കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, അധ്യാപകരുടേയും, പി.ടി.എയുടേയും പൂർവ്വ അധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളുടേയും, നാട്ടുകാരുടേയും സഹായത്തോടെ വിദ്യാലയം ഇന്നും അതിന്റെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നു.

1948 ൽ 38 വിദ്യാർത്ഥികളുമായി നിലകൊള്ളുന്ന ഓലഷെഡ്ഡിൽ തുടങ്ങിയ സ്കൂളിന്റെ ഭൗതിക സാഹചര്യം ഇന്ന് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് നില കെട്ടിടത്തിൽ എത്തിനിൽക്കുന്നു. സ്വന്തമായി ഒരു ലൈബ്രറി കെട്ടിടവും ഓപ്പൺ സ്റ്റേജും ബാലയുമെല്ലാം സ്കൂളിന്റെ മികവ് നിലനിർത്തുന്നു. അക്കാദമി കവും അക്കാദമികേത രവുമായ പ്രവർത്തനങ്ങളിൽ വിദ്യാലയം അതിന്റെ മുന്നേറ്റം തുടരുന്നു.

വിവിധ മത്സര പരീക്ഷകളിലും കലാ കായിക പ്രവൃത്തി പരിചയമേളകളിലും ഈ വിദ്യാലയത്തിലെ കുട്ടികൾ മികച്ച വിജയം കൈവരിച്ചു പോകുന്നു. 2015-16 വർഷം ജില്ലാതലത്തിൽ മികച്ച പ്രവർത്തനത്തിനുള്ള അംഗീകാരം സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രി മുനീറിൽ നിന്നും ലഭിച്ചു.

കുട്ടികളുടെ കുറവ് ഇന്ന് ഈ വിദ്യാലയം നേരിടുന്ന ഏറ്റവും പ്രധാന വെല്ലുവിളിയാണ്. സമീപപ്രദേശങ്ങളിലെ കുട്ടികൾ അൺഎയ്ഡഡിലേക്ക് പോകുന്നു. വാഹന സൗകര്യം നൽകിയാൽ മാത്രം വിദ്യാലയത്തിലേക്ക് കുട്ടികൾ എത്തിച്ചേരുന്ന അവസ്ഥയിലേക്ക് ഇന്ന് ഈ വിദ്യാലയം എത്തിനിൽക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം കൈവരിക്കാനായി ഞങ്ങളുടെ വിദ്യാലയവും പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി അക്കാദമിക നിലവാരമുയർത്താനായി ഞങ്ങൾ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ആണിത്.

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ചരിത്രം
4. മികവിന്റെ കാഴ്ചപ്പാട്
5. നിലവിലെ അവസ്ഥ വിശകലനം
6. പദ്ധതി വിശദാംശങ്ങൾ

## ലക്ഷ്യങ്ങൾ

വിദ്യാലയത്തിലെ ഓരോകുട്ടിയുടേയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി വിദ്യാലയത്തെ മികവിൻെറ കേന്ദ്രമാക്കി മാറ്റുന്നതിനും ലക്ഷ്യംവെച്ചാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

- ഒന്നുമുതൽ നാലുവരെ ഓരോക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും കഴിവുകളും ഓരോ കുട്ടിയുടേയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തും.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കും
- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന നിലയിൽ ക്യാമ്പസിനെ മാറ്റിയെടുക്കും.
- ലഹരി വിമുക്ത പ്ലാസ്റ്റിക്ക് വിമുക്ത ക്യാമ്പസ് സൃഷ്ടിക്കും.
- ഐ.സി.ടി ഉപയോഗിച്ചുള്ള ക്ലാസ്സുകൾ കൂടുതലായി ലഭ്യമാക്കുക.
- കുട്ടികളെ മികവിൻെറ പാതയിലേക്ക് എത്തിക്കാൻ ആവശ്യമായ പഠനോപകരണങ്ങളും ക്ലാസ് മുറികളും ലഭ്യമാക്കും.
- പഠനത്തിൽ പിന്നോക്ക നിൽക്കുന്നവരെ കണ്ടെത്തി ആവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്തും.
- സ്കൂൾ ലൈബ്രറി ലാബുകൾ എന്നിവ പഠന പ്രവർത്തനത്തിൻെറ ഭാഗമാക്കും.
- കാർഷിക സംസ്കാരം കുട്ടുകളിൽ വളർത്തിയെടുക്കും.
- മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ രീതിയിലുള്ള പഠനരീതികൾ ആസൂത്രണം ചെയ്യുക
- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക.

# വിദ്യാലയ ചരിത്രം

കേഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ പഞ്ചായത്തിലാണ് മേപ്പയ്യൂർ നോർത്ത് എം.എൽ.പി.സ്കൂൾ സ്ഥിതിചെയ്യുന്നത് ഇതിൻെറ ആദ്യത്തെ പേര് മാപ്പിള ഗേൾസ് സ്കൂൾ എന്നായിരുന്നു. 1943 ൽ ആണ് സ്കൂളിൻെറ തുടക്കം. 31-12-1943 ൽ 35 മുസ്‌ലിം പെൺകുട്ടികളെയും 3 മുസ്‌ലിം ആൺ കുട്ടികളെയുമാണ് ആദ്യമായി ചേർത്തത്.

മേപ്പയ്യൂർ ചെറുവണ്ണൂർ റോഡിൽ മേപ്പയ്യൂർ ടൗണിൽ നിന്നും ഒന്നര കിലോമീറ്റർ അകലെയാണ് സ്കൂളിൻെറ സ്ഥാനം. ഇത് മേപ്പയ്യൂർ പഞ്ചായത്തിൻെറ വടക്കേ അതിർത്തിയാകയാൽ സ്കൂളിന് മേപ്പയ്യൂർ നോർത്ത് എം.എൽ.പി.സ്കൂൾ എന്ന പേര് വന്നു.

കീഴ്പ്പയ്യൂർ മണപ്പുറം അയോൽപ്പടി പ്രദേശങ്ങളിലെ മുസ്‌ലിം പെൺകുട്ടികൾക്ക് മത പഠനത്തിനുള്ള സൗകര്യം മാത്രമേ ആക്കാലത്ത് ഉണ്ടായക്കരുന്നുള്ളൂ. ഇന്നത്തെ സ്കൂൾ നിലനിൽക്കുന്ന് സ്ഥലത്ത് നിന്ന് അൽപം അകലെയായി മാണിക്കോത്ത് അമ്മത് മുസ്ലിയാർ ഓത്ത് പുരയിലായിരുന്നു മത വിദ്യാഭ്യാസം നടത്തിയിരുന്നത് ഇവർക്ക് പൊതുവിദ്യാഭ്യാസം ലഭിക്കുന്നതിന് വേണ്ടി തിരുമംഗലത്ത് മമ്മത്ഹാജിയുടെ സ്ഥലത്ത് അദ്ദേഹത്തിൻെറ സഹായത്തോടെ തെക്കുംമ്പാട്ട് കുഞ്ഞിരാമൻ നായരാണ് സ്കൂൾ സ്ഥാപിച്ചത്.

തെക്കുമ്പാട്ട് കുഞ്ഞിരാമൻ നായർ ടി.മീനാക്ഷിയമ്മ കെ.മൊയ്തീൻ ടി മമ്മത് എന്നിവർ സ്കൂൾ മാനേജ്മെൻറ് വഹിച്ചിരുന്നു. തുടർന്ന് ടി മമ്മത് ഹാജിയുടെ മകനായ ടി.പി.കുഞ്ഞബ്ദുള്ളയായിരുന്നു മാനേജർ. അദ്ദേഹത്തിൻെറ മരണ ശേഷം മകൻ ടി.പി..അബ്ദുൾ മജീദ് മാനേജ്മെൻറ് സ്ഥാനം വഹിക്കുന്നു.

ആദ്യവർഷം ഒന്നും രണ്ടും സ്റ്റാൻേറർഡുകൾ നിലവിൽ വന്നു. 36 പെൺകുട്ടികളും 8 ആൺകുട്ടികളുമാണ് പഠിച്ചിരുന്നത് രണ്ട് അധ്യാപകർ ഉണ്ടായിരുന്നു. മതാധ്യാപകനായ മാണിക്കോത്ത് അമ്മത് മുസില്യാരുടെ മകളായ മാണിക്കോത്ത് മീത്തൽ കദീജയാണ് ആദ്യ വിദ്യാർത്ഥിനി.

1946-47 വർഷം മുതൽ 5 ക്ലാസുകളോടെയാണ് സ്കൂൾ പ്രവർത്തിച്ചത് 1961 മുതൽ അഞ്ചാം ക്ലാസ് ഇല്ലാതായി.

1943 മുതൽ 48 വരെ സ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ കുഞ്ഞിരാമൻ നായരായിരുന്നു. 1961 വരെ ശ്രീ അച്ചുതൻ നായരും 1962 മുതൽ 1987 വരെ ശ്രീ.കെ.അഹമ്മദും 1992 വരെ ശ്രീമതി. പി.വി. രാജമ്മയും ഹെഡ് മാസ്റ്റർമാരായി. ശ്രീമതി. ഇ.ലക്ഷ്മിയമ്മ അക്കാലത്ത് ചർജ്ജ് വഹിച്ചു.1973 -75 കാലത്ത് താൽകാലിക ചാർജജ് വഹിച്ചു. 1992 മുതൽ 2008 വരെ എം.എം. കരുണാകരൻ മാസ്റ്ററും 2008 മുതൽ 2016 വരെ കെ.പി..വേണുഗോപാലൻ മാസ്റ്ററും ഹെഡ്മാസ്റ്റർ മാരായി. ഇപ്പോൾ ശ്രീമതി.ടി.പി.റൈന ഹെഡ് മിസ്ട്രസായി തുടരുന്നു.

ആദ്യകാലത്തെ 5 ക്ലാസുകൾ നടത്തിവന്ന സ്ഥിരം കെട്ടിടം കൂടാതെ 1976 ലും 1987 ലും ഓരോ സെമിപെർമനെൻറ് കെട്ടിടം കൂടി നിർമ്മിച്ചിട്ടുണ്ട്. 2017-18 കാലത്ത് 6 ക്ലാസ് മുറികളോടു കൂടിയ പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. നല്ലൊരു ചുറ്റുമതിലും സ്റ്റോർ റൂമും വായനാമുറിയും കമ്പ്യൂട്ടർ ലാബും സ്കൂളിൽ ഉണ്ട്. കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാൻ ആവശ്യമായ സൗകര്യവും സ്കൂളിൽ ഒരുക്കിയിട്ടുണ്ട്.

1987 -88 മുതൽ 6 ഡിവിഷനുകളും 98-99 മുതൽ 7 ഡിവിഷനുകൾ സ്കൂളിന് ഉണ്ടായിരുന്നു. ഇപ്പോൾ 5 ഡിവിഷനുകളാണ് തുടരുന്നത്. 2004 ഒക്ടോബർ 1 മുതൽ ജനറൽ കലണ്ടർ നടപ്പിലാക്കിയിട്ടുണ്ട്. 1999-2000 വർഷം പ്രൈമറി അധ്യാപകർക്കുള്ള സംസ്ഥാന അവാർഡ് പ്രധാന അധ്യാപകനായ എം.എം.കരുണാകരൻ മാസ്റ്റർക്ക് ലഭിച്ചു.

2013 ൽ സ്കൂളിൽ ഒരു ഓപ്പൺ സ്റ്റേജ് കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മുൻഅധ്യാപിക ശ്രീ കൂവലപൊയിൽ ലക്ഷ്മിടീച്ചറുടെ ഓർമ്മയ്ക്കായി അവരുടെ മക്കൾ സ്കൂളിന് ഒരു സ്വതന്ത്ര ലൈബ്രറികെട്ടിടം നിർമ്മിച്ചുതന്നു. 2016 ജനുവരി 18 ന് ബഹു ആഭ്യന്തര മന്ത്രി ശ്രീ. രമേശ് ചെന്നിത്തല ലൈബ്രറി കെട്ടിടം ഉദ്ഘാടനംചെയ്തു. 2016ൽ ജില്ലാതലത്തിൽ മികവ് പ്രവർത്തനത്തിനുള്ള അംഗീകാരം സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രി മുനീറിൽ നിന്നും ഏറ്റുവാങ്ങി.

**2025** ൽ എത്തി നിൽക്കുമ്പോൾ അത്യാധുനിക സൗകര്യങ്ങളോട് കൂടിയ കെട്ടിടം സ്കൂളിന് സ്വന്തമായിരിക്കുകയാണ്. സ്കൂളിൻെറ ഭൗതിക സാഹചര്യത്തിൽ വന്ന മാറ്റത്തിനനുസൃതമായി അക്കാദമിക നിലവാരം ഉയർത്താൻ നാട്ടുകാരുടെയും രക്ഷിതാക്കളുടേയും സജീവ പങ്കാളിത്തം അനിവാര്യമാണ്.

# വിദ്യാലയം മികവിൻെറ കേന്ദ്രം കാഴ്ചപ്പാട്.

പൊതുവിദ്യാഭ്യാസ രംഗം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന ലക്ഷ്യത്തോട് കൂടി ഓരോ വിദ്യാലയവും മികവിൻെറ പാതയിലാണ്. വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി വിദ്യാലയം മികവിൻെറ കേന്ദ്രമായി മാറ്റുകയുമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ലക്ഷ്യമിടുന്നത്.

അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക. കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക പാഠപുസ്തകങ്ങൾക്ക് പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തരമൂല്യനിർണ്ണയത്തിൻേറയും വിലയിരുത്തലിൻേറയും സാധ്യത പ്രയോജനപ്പെടുത്തുക, തുടങ്ങിയ ആശയങ്ങളിൽ ഊന്നിക്കൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിക്കുന്നത്.

- ഒന്നുമുതൽ നാല് വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ടശേഷികളും ധാരണകളും. ഓരോ കുട്ടിയുടേയും പരമാവധികഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക കലാകായിക പ്രവൃത്തി പരിചയ പഠനത്തിൽ പങ്കാളിത്വവും താൽപര്യവും ഉറപ്പാക്കുന്നു.
- എല്ലാകുട്ടികൾക്കും എല്ലാമേഖലകൾക്കും അനുഭവം ലഭിക്കുന്ന സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും. ക്ലാസ്സ് മുറികൾ സ്മാർട്ട് ആക്കും.
- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യ പദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും
- പഠനം ആകർഷകവും സർഗ്ഗത്മകവും ആനന്ദകരവും ആവുന്ന തരത്തിൽ വിദ്യാലയത്തിൻെറ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.
- സ്കൂൾ ലൈബ്രറി ആധുനീകവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും
- ലഘുപഠനയാത്രകൾ പഠന ക്യാമ്പുകൾ, വിദഗ്ദ്ധരുടെ ക്ലാസുകൾ, ലഘു പ്രോജക്റ്റുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തും കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയേടുക്കും, മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തും
- പ്ലാസ്റ്റിക്ക് മുക്ത ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും
- ജൈവവൈവിധ്യ ഉദ്യാനം എന്നആശയം സ്കൂളിൽ നടപ്പാക്കും.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പരിശീലനം നൽകി മുഖ്യധാരയിൽ എത്തിക്കും.

- വിദ്യാഭ്യാസത്തിന്റെ ജനകീയ വൽക്കരണം അർത്ഥപൂർണ്ണമാക്കും

- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കും പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും

- സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തും.

- അവസരതുല്ല്യത സാമൂഹിക നീതി ഗുണമേന്മ എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും.

- കുട്ടികൾക്ക് മാതൃഭാഷ ഇംഗ്ലീഷ് ഗണിതം എന്നിവ അനായാസമായി കൈകാര്യം ചെയ്യാൻ കഴിയണം.

# അവസ്ഥാവിശകലനം

## ഭൗതികം

## വിദ്യാലയ വിഭവങ്ങൾ - ലഭ്യത, പാര്യപ്തത, ഉപയോഗക്ഷമത.

## ആമുഖം

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങൾ മനുഷ്യ വിഭവശേഷി സമ്പത്ത് വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ ആവശ്യമാണ്. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതത്വവും സ്വാതന്ത്ര്യവും ശിശു സൗഹാർദ്ദപരവുമായ അന്തരീക്ഷം ഒരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ലഭ്യതയും കാര്യക്ഷമതയും ആണ്.

ലഭ്യത എന്നത് കൊണ്ട് അർഥമാക്കുന്നത് സുരക്ഷിതത്വവും ഗുണപ്രദവുമായ പഠനസാഹചര്യം എല്ലാവർക്കും പ്രാപ്തമാക്കലാണ്. കാര്യക്ഷമത എന്നത് ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദമായ ഉപയോഗമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സുരക്ഷാസംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

1. വിദ്യാലയത്തിന് ആകെ ലഭ്യമായ സ്ഥലം 24 സെൻറ് ആണ്.
2. 1 മുതൽ 4 വരെയുള്ള ക്ലാസുകളിലേക്കുള്ള അധ്യായനമാണ് ഇവിടെ നടക്കുന്നത്.

| ക്ലാസ് ഡിവിഷൻ | കുട്ടികൾ | | |
|---|---|---|---|
| | ആൺ | പെൺ | ആകെ |
| I | 14 | 14 | 28 |
| II | 13 | 7 | 20 |
| III | 6 | 11 | 17 |
| IV- A | 6 | 13 | 19 |
| IV- B | 8 | 5 | 13 |
| ആകെ | 47 | 50 | 97 |

3. സ്കൂളിൽ ആകെ 3 കെട്ടിടങ്ങളാണ് ഉള്ളത്.

   മികച്ചത് : 01

   ശരാശരി : 02

4. കലാകായിക പ്രവൃത്തി പരിചയ പഠനം മികച്ചതാക്കാൻ നിരവധി സാമഗ്രികൾ ആവശ്യമാണ് ഇവിടെ പ്രീ കെ.ഇ.ആർ കെട്ടിടത്തിൽ 5 ക്ലാസ്സ് മുറികളും പുതിയ കെട്ടിടത്തിൽ 5 ക്ലാസ്സ് മുറികളും പോസ്റ്റ് കെ.ഇ.ആർ സെമിപെർമനെന്റെ കെട്ടിടത്തിൽ ഒരു ഗ്ലാസ് മുറിയും നിലവിലുണ്ട്. സ്മാർട്ട് ക്ലാസ് റൂം ഒരുക്കാനുള്ള സൗകര്യപ്രദമായ മുറികൾ പുതിയ കെട്ടിടത്തിൽ ഉണ്ട്.
5. വിദ്യാലയത്തിൽ കുട്ടികൾക്ക് ബെഞ്ച് ഡസ്ക്ക് എന്നീ ഇരിപ്പിട സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. അധ്യാപകർക്ക് ഇരിക്കാനും എഴുതാനും രേഖകൾ സൂക്ഷിക്കാനും ആവശ്യമായ കസേര മേശ അലമാര എന്നിവ മതിയായ അളവിൽ ഉണ്ട്.
6. പ്രീ പ്രൈമറി ക്ലാസുകളിൽ നവീനമായ ഇരിപ്പിടങ്ങൾ ഈ വർഷം ലഭ്യമാക്കിയിട്ടുണ്ട് അടുത്തവർഷം മുതൽ മറ്റ് ക്ലാസുകളിലേക്കും ഇത് വ്യാപിപ്പിക്കണം
7. വിദ്യാലയത്തിന് ലൈബ്രറിയും വായനമുറിയുമായി വളരെ നല്ല കെട്ടിടവും അലമാരകളും മറ്റ് അനുബന്ധ സംവിധാനങ്ങളും ഉണ്ട്. എന്നാൽ ലാബ് സൗകര്യം പരിമിതമാണ്.
8. കുട്ടികൾക്ക് ഉച്ച ഭക്ഷണം കഴിക്കുന്നതിന് വളരെ സൗകര്യപ്രദമായ ഇടം ഉണ്ട്. മഴയും വെയിലും ഏൽക്കാതെ ഇരുന്നുകൊണ്ട് ഭക്ഷണം കഴിക്കാൻ കഴിയുന്ന മേൽക്കൂരയും ഇരിപ്പിടവും ഉള്ള ഭക്ഷണഹാൾ ഉണ്ട്.
9. കുട്ടികൾക്ക് ലോകവിവരങ്ങൾ അറിയാനും പൊതുവിജ്ഞാനം വർധിപ്പിക്കാനും വേണ്ടി വിദ്യാലയത്തിലേക്ക് പത്രങ്ങൾ വാങ്ങാറുണ്ട്.

   വിദ്യാലയത്തിന്റെ ലൈബ്രറിയിൽ വിവര ശേഖരണത്തിനായി ശബ്ദതാരാവലി, നിശാഗന്ധി വിജ്ഞാന കോശം - 6 വോള്യം, മഹാചരിതമാല - 30 വോള്യം, ഇംഗ്ലീഷ് - ഇംഗ്ലീഷ് - മലയാളം നിഘണ്ടു 7 എണ്ണം, ഐതിഹ്യമാല, ആരോഗ്യ വിജ്ഞാന കോശം ഗണിതവിജ്ഞാനകോശം എന്നിവ ലഭ്യമാണ്. കൂടാതെ 556 പുസ്തകങ്ങളും ലൈബ്രറിയിൽ ഉണ്ട്.
10. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിനായി 5 ലാപ്ടോപ്പ് 2 കമ്പ്യൂട്ടറുകൾ ഉണ്ട്. ഇൻറർനെറ്റ് കണക്ഷൻ ഉള്ളതിനാൽ പഠനത്തിന് ഇത് വളരെ സഹായകമാണ് സ്കോളർഷിപ്പ് അപേക്ഷകളും മറ്റും ഓൺലൈനായി നൽകാൻ ഇത് ഉപയോഗപ്പെടുത്തുന്നു.
11. വിദ്യാലയത്തിൽ യൂറിയൽ, ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉണ്ട്.

**യൂറിനൽ**

ആൺകുട്ടികൾക്ക് 1 ബ്ലോക്ക്

പെൺകുട്ടികൾക്ക് 2 ബ്ലോക്ക്

**ടോയ്‌ലറ്റ്**

ആൺകുട്ടികൾക്ക് : 1

പെൺകുട്ടികൾക്ക് : 1

അഡാപ്റ്റഡ് ടോയ്‌ലറ്റ് : 1

12. ജലലഭ്യത

സ്കൂളിന്റെ ആവശ്യത്തിന് ആവശ്യമായ വെള്ളം ഏത് കാലത്തും സുലഭമാണ്. ശുദ്ധമായ വെള്ളം കിണർവെള്ളം കുടിക്കാനും പാത്രങ്ങൾ കഴുകാനും ചെടികൾ നനയിക്കാനും ഉപയോഗിക്കുന്നു.

കുടിവെള്ള സ്രോതസ്സ് : കിണർ വെള്ളം

ടാപ്പുകളുടെ എണ്ണം : 7

ജലശുദ്ധീകരണ പരിപാടി : തിളപ്പിക്കൽ

കിണർ വെള്ളം നിശ്ചിത ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുന്നു.

**13. ജലസംഭരണ സംവിധാനം**

ജലസംഭരണത്തിന് സ്കൂൾ കെട്ടിടത്തിന് മുകളിൽ 500 ലിറ്റർ സംഭരണശേഷി യുള്ള അടച്ചുറപ്പുള്ള ഒരു ടാങ്ക് ഉണ്ട്. നിശ്ചിത ഇടവേളകളിൽ ടാങ്ക് വൃത്തിയാ ക്കുന്നു.

**14. അസംബ്ലി**

എല്ലാ പ്രവൃത്തി ദിവസങ്ങളിലും അസംബ്ലി നടത്താറുണ്ട്. ഓരോ ദിവസത്തേയും പത്രവാർത്ത വായന, ദിനാചരണക്കുറപ്പ് വായന, കുട്ടികളുടെ കവിതാലാപനം, കുട്ടികളെ അനുമോദിക്കൽ തുടങ്ങിയ കാര്യങ്ങൾ അസംബ്ലിയിൽ നടക്കുന്നു.

**15. ഉച്ച ഭക്ഷണം**

വിദ്യാലയത്തിൽ തന്നെ ഉച്ചഭക്ഷണം തയ്യാറാക്കി നൽകുന്നു. ഓരോ ദിവസവും മെനു അനുസരിച്ച് വൈവിധ്യമാർന്ന ഭക്ഷണം നൽകുന്നു. കുട്ടികൾക്ക് കുടിക്കാൻ ജീരകം ഇട്ട് തിളപ്പിച്ചാറ്റിയ വെള്ളമാണ് നൽകുന്നത്. ആഴ്ചയിൽ രണ്ടുദിവസം പാലും ഒരു ദിവസം പുഴുങ്ങിയ മുട്ടയും നൽകുന്നു. പാൽ ഇല്ലാത്ത ദിവസങ്ങളിൽ ഇടവേളയിൽ പൊടിയരി കഞ്ഞി പി.ടി.എ യുടെ സഹായത്തോടെ നൽകുന്നു. ഭക്ഷണം പാചകം ചെയ്യാൻ സൗകര്യപ്രദമായ പാചകപ്പുരയുണ്ട്. ഭക്ഷണം കഴിക്കാ ൻ ഉള്ള ഷെഡും ഇരിപ്പിടങ്ങളും ഉണ്ട്. പാചകത്തിന് എൽ.പി.ജി ഉപയോഗിക്കുന്നു.

## മെനു

- തിങ്കൾ : സാമ്പാർ, തോരൻ,
- ചൊവ്വ : പരിപ്പ് കറി, തോരൻ, പാൽ
- ബുധൻ : ചെറുപയർ, തോരൻ, പാൽ
- വ്യാഴം : പരിപ്പ് കറി, തോരൻ, മുട്ട
- വെള്ളി : ചെറുപയർ കറി, തോരൻ

കൂടാതെ ചൊവ്വ, ബുധൻ ദിവസങ്ങളിൽ പാലും വ്യാഴാഴ്ച പുഴുങ്ങിയ മുട്ടയും നൽകുന്നു.

**16. വൈദ്യുതീകരണം**

എല്ലാ ക്ലാസിലും വൈദ്യുതി ലഭ്യമാണ്. മുഴുവൻ ക്ലാസ് മുറികളിലും എൽ.ഇ.ഡി ബൾബും, സീലിംഗ് ഫാനും ഉപയോഗിക്കുന്നു.

**17. പാഠപുസ്തകം**

വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും മുഴുവൻ പാഠപുസ്തകങ്ങളും യഥാസമയം വിതരണം ചെയ്തിട്ടുണ്ട്.

**18. യൂണിഫോം**

മുഴുവൻ കുട്ടികൾക്കും യഥാസമയം രണ്ട് ജോഡി യൂണിഫോം നൽകിയിട്ടുണ്ട്.19.

**19. പൂന്തോട്ടം**

സ്കൂളിൽ ധാരാളം ചെടികളും പൂക്കളുമുണ്ട് എന്നാൽ ജൈവവൈവിധ്യ പാർക്ക് ഉണ്ടാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. എങ്കിലും ചെടിച്ചട്ടിയിൽ കുട്ടികൾ ചെടി വളർത്തുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ട്. ചെടികൾ ദിവസവും നനയ്ക്കുന്നതും കുട്ടികൾ തന്നെയാണ്. ചെടിച്ചട്ടികൾ കുട്ടികൾ നൽകിയതാണ്.

# അക്കാദമികം

## പഠന ബോധന തന്ത്രങ്ങളും അവയുടെ വിലയിരുത്തലും

പഠിതാക്കളുടെ ശേഷി വികാസവുമായി ബന്ധപ്പെട്ട ഒരു മേഖലയാണ് പഠന ബോധന തന്ത്രങ്ങൾ, കൃത്യമായ ആസൂത്രണം, ഫലപ്രദമായ പഠന പശ്ചാതലമൊരുക്കൽ, വ്യത്യസ്ഥങ്ങളായ പഠന തന്ത്രങ്ങളുടെ നിർവ്വഹണം, അധ്യാപകരുടെ വിഷയ പരിജ്ഞാനം, കുട്ടികളുടെ പഠനശേഷിയെ സംബന്ധിച്ച ധാരണ എന്നിവ ഉയർന്ന പഠന നില കൈവരിക്കുന്നതിന് കുട്ടികളെ സഹായിക്കുന്നു.

വ്വിലയിരുത്തൽ പ്രക്രിയയുടെ ഫലവത്തായ നിവ്വഹണം ഇതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. ഇതുവഴി വിദ്യാർഥികളെ മനസിലാക്കാനും തൻെറ പഠന ബോധന രീതിയുടെ ഫലപ്രാപ്തി വിലയിരുത്താനും അധ്യാപകന് കഴിയുന്നു.

കുട്ടിയെ അറിയലാണ് പഠനബോധന പ്രകിയയുടെ ആദ്യഘട്ടം കുട്ടികളുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക ഗാർഹികവിവരങ്ങൾ ശേഖരിക്കുന്നതിന് വിദ്യാലയ രേഖകൾ പഠിതാക്കൾ സി.പി.ടി.എ എന്നീ സാധ്യതകളാണ് അധ്യാപകർ ഉപയോഗിക്കുന്നത്. ചില സന്ദർഭങ്ങളിൽ ഗൃഹ സന്ദർശനവും നടത്തുന്നു.

## കുട്ടികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം

വിവിധങ്ങളായ പഠന വിഭവങ്ങളുടെ ലഭ്യത പൂർണ്ണതോതിൽ ഉറപ്പാക്കാൻ കഴിയേണ്ടതുണ്ട്. എന്നാൽ ഇനിയും ഈ മേഖലയിൽ മുന്നേറാനുണ്ട്. വിഭവങ്ങൾ സംബന്ധിച്ച് കൂടുതൽ അറിവ് ലഭിക്കേണ്ടതുണ്ട് അറിയുന്നവ തന്നെ സമയ ബന്ധിതമായി കണ്ടെത്താൻ പ്രയാസമനുഭവപ്പെടുന്ന സന്ദർഭം ഉണ്ടാകാറുണ്ട് ലഭ്യമായവ ഉപയോഗിക്കുന്നുണ്ട്.

പഠിതാക്കളുടെ മനോഭാവം താൽപര്യം എന്നിവ ക്ലാസ് തല ഇടപെടലിൻെറ ഭാഗമായി മനസിലാക്കൻ കഴിയും. സഹപ്രവർത്തകരുമായുള്ള ചർച്ച, സി.പി.ടീ യിലെ ചർച്ചകൾ എന്നിവയിലൂടെ കുട്ടികളുടെ താൽപര്യം തിരിച്ചറിയാൻ കഴിയും. എല്ലാ കുട്ടികളുടെയും പഠന പങ്കാളിത്തം ഒരുക്കും വിധം പഠനപ്രക്രിയ സൂഷ്മമായും അവതരിപ്പിക്കുന്നതിനും എല്ലാവരിലും ഓരോ പഠന നേട്ടം ഉറപ്പിക്കുന്നതിനും സമയ പരിധി കാരണമാകുന്നു. പഠനോപകരണങ്ങൾ എണ്ണത്തിനനുസൃതമായി ക്രമീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. എല്ലാ ക്ലാസിലേയ്ക്കും ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിൽ മുന്നേറേണ്ടതുണ്ട്

.

ഏതെങ്കിലും അധ്യാപകൻ അവധിയആകുമ്പോഴോ വകുപ്പ് തല യോഗങ്ങളിൽ പങ്കെടുക്കേണ്ടിവരുമ്പോഴോ ആ ക്ലാസിൽ പഠനപ്രവർത്തനത്തിന് ബുദ്ധിമുട്ട് നേരിടുന്നു. കുട്ടികളിൽ ശുചിത്വബോധം വളർത്തുന്നതിന് കുട്ടികളും അധ്യാപകരും ക്ലാസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു. ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും വേർതിരിച്ച് സംസ്കരിക്കുന്നു. കലാ കായിക പ്രവൃത്തിപരിചയ മേളകളിലും ക്വിസ് മത്സരങ്ങളിലും വിജയിക്കുന്ന വിദ്യാർഥികളെ പൊതുവേദിയിൽ അഭിനന്ദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

കുട്ടികളെ ഓരോ ക്ലാസിലും നിരന്തര മൂല്യ നിർണ്ണയം നടത്തുന്നു. പാദവാർഷികം, അർദ്ധവാർഷികം, വാർഷികം എന്നീ തലങ്ങളിൽ സമഗ്രമായ വിലയിരുത്തൽ നടത്തുന്നു. ഓരോ പ്രവർത്തനത്തിൻെറ നിർവ്വഹണത്തിലും കുട്ടിയെ വിലയിരുത്തേണ്ടതുണ്ട്. ഉൽപന്നങ്ങളും കുട്ടികളുടെ പ്രതികരണങ്ങളും വിലയിരുത്തുന്നു. എല്ലാ വെള്ളിയാഴ്ചയും 3.30 ന് എസ്.ആർ.ജി ചേരുകയും കഴിഞ്ഞ ആഴ്ചത്തെ പഠനപ്രവർത്തനങ്ങൾ അവലോകനം നടത്തുകയും അടുത്ത ആഴ്ചത്തെ പഠന പ്രവർത്തനങ്ങൾ ആസൂത്രണം നടത്തുകയും ചെയ്യുന്നു.

## അധ്യാപകർ

സ്കൂളിൽ അറബി അധ്യാപകൻ ഉൾപ്പെടെ 6 അധ്യാപകരാണ് ഉള്ളത്. പഠന പ്രവർത്തനങ്ങളിലും പഠനാനുബന്ധ പ്രവർത്തനങ്ങളിൽ അധ്യാപകർ പരസ്പര സഹായത്തോടെ പ്രവർത്തിക്കുന്നു. സ്കൂളിനെ ഒരു യൂണിറ്റായിക്കണ്ട് മുഴുവൻ അധ്യാപകരും കൂട്ടായി സ്കൂളിന്റെ പ്രവർത്തനത്തിൽ പങ്കാളികൾ ആകുന്നു.

### സ്കൂളിലെ അധ്യാപകർ

| പേര് | തസ്തിക | യോഗ്യത | സർവ്വീസ് |
|---|---|---|---|
| ബിന്ദു എൻ | ഹെഡ്മിസ്ട്രസ് | BA, TTC, Department Test | 27 വർഷം |
| നജ്മ ടി.പി | സഹ അധ്യാപിക | BA, TTC | 12 വർഷം |
| സുധീഷ്. കെ | സഹ അധ്യാപകൻ | PLUS TWO, TTC | 7 വർഷം |
| ശോണിമ എസ്. എസ് | സഹ അധ്യാപിക | BA, TTC | 2 വർഷം |
| കാർത്തിക്. കെ | സഹ അധ്യാപകൻ | PLUS TWO, D.El.Ed | |
| എസ് കെ റഫീഖ് | അറബി അധ്യാപകൻ | SSLC, Afsal Ul-Ulama Preliminary | 23 വർഷം |

### ചുമതല വിഭജനം

| | |
|---|---|
| പരിസ്ഥിതി ക്ലബ്ബ് | സുധീഷ്. കെ |
| ഇംഗ്ലീഷ് ക്ലബ്ബ് | ശോണിമ എസ്. എസ് |
| ഗണിത ക്ലബ്ബ് | കാർത്തിക്. കെ |
| ജാഗ്രത ക്ലബ്ബ് | നജ്മ ടി.പി |
| ആരോഗ്യ കായികം | നജ്മ ടി.പി |
| എൽ എസ് എസ് | കാർത്തിക്. കെ |
| വിദ്യാരംഗം | ശോണിമ എസ്. എസ് |
| അച്ചടക്കം | സുധീഷ്. കെ |
| ഗണിതശാസ്ത്രമേള | കാർത്തിക്. കെ |
| സാമൂഹ്യശാസ്ത്രമേള | നജ്മ ടി.പി |
| പ്രവർത്തി പരിചയമേള | സുധീഷ്. കെ |
| കലാമേള | ശോണിമ എസ്. എസ് |
| എസ്.എസ്.ആർ.ജി കൺവീനർ | നജ്മ |
| ഉച്ചഭക്ഷണം ചുമതല | റഫീഖ് എസ് കെ, നജ്മ ടി.പി |

# പദ്ധതി വിശദാംശങ്ങൾ

| കാലയളവ് | വിഷയം | പ്രവർത്തന പരിപാടിയുടെ പേര് | നടത്തേണ്ട പ്രവർത്തനങ്ങൾ | ദിനാചരണം | ചുമതല |
|---|---|---|---|---|---|
| ജൂൺ ആദ്യവാരം | | പ്രവേശനോത്സവം | അക്ഷരത്തൊപ്പി<br>ഉദ്ഘാടനം:<br>മുഖ്യാതിഥി: | | PTA |
| | പരിസരപഠനം | പരിസ്ഥി ദിനം | ക്വിസ്<br>പോസ്റ്റർ നിർമ്മാണം | പരിസ്ഥി ദിനം | SRG |
| | മലയാളം | വായനാദിനം | ഉദ്ഘാടനം<br>ലൈബ്രറി സന്ദർശനം<br>ക്വിസ്<br>വായനാമത്സരം<br>പുസ്തക പ്രദർശനം | വായനാദിനം | SRG |
| ജൂലൈ | മലയാളം | ബേപ്പൂരിന്റെ സുൽത്താൻ | പുസ്തക പരിചയം<br>ക്വിസ്<br>ബഷീർ കൃതികളുടെ<br>വീഡിയോ പ്രദർശനം<br>ചുമർ പത്രിക നിർമ്മാണം | ബഷീർ ദിനം | |
| | | ചാന്ദ്രദിനം | റോക്കറ്റ് നിർമ്മാണം<br>വീഡിയോ പ്രദർശനം<br>ക്വിസ്<br>ചാർട്ട്നിർമ്മാണം | ചാന്ദ്രദിനം | |
| | | തൊഴിൽ സർവ്വെ | | | |
| | | പത്രക്വിസ് | | | |
| | | ദൈനംദിന അസംബ്ലി | | | |
| | | സ്കൂൾ പാർലമെന്റ ഇലക്ഷൻ | | | |
| ആഗസ്റ്റ്<br>ആദ്യവാരം | പരിസരപഠനം | | യുദ്ധവിരുദ്ധ റാലി<br>കൊക്ക് നിർമ്മാണം | ഹിരോഷിമ<br>നാഗസാക്കി | |

| | | | | | |
|---|---|---|---|---|---|
| | മലയാളം | അക്ഷരക്കുടുക്ക | അക്ഷരങ്ങളുടെ ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനായി<br>Work Sheet | | |
| രണ്ടാം വാരം | | ചരിത്രത്തിലൂടെ | സ്വാതന്ത്ര്യസമരങ്ങൾ ഘടകങ്ങൾ തിരിച്ചറിയൽ<br>സ്വാതന്ത്ര്യ പൂമരം നിർമ്മാണം<br>ദേശഭക്തിഗാനാലാപന മത്സരം<br>കൊടി നിർമ്മാണം<br>സ്വാതന്ത്ര്യദിന റാലി<br>ക്വിസ്<br>പ്രസംഗ മത്സരം | സ്വാതന്ത്ര്യ ദിനം | |
| മൂന്നാം വാരം | | നാട്ടറിവു ദിനം | കർഷകനുമായി അഭിമുഖം | കാർഷിക വിഭവങ്ങൾ പ്രദർശനം | |
| | | ജലസർവ്വെ | | | |
| ആഗസ്റ്റ് 29 | | നാടൻ കളികൾ | | ദേശീയ കായിക ദിനം | |
| സെപ്റ്റംബർ ആദ്യവാരം | | | | അധ്യാപക ദിനം | |
| | | LSS ക്ലാസ് | | | |
| | | മാതൃ സംഗമം | വിദഗ്ദന്റെ ക്ലാസ് | | |
| | മലയാളം | ഓണം<br>പൊന്നോണം | പൂക്കള മത്സരം<br>ഓണപ്പതിപ്പ് നിർമ്മാണം<br>ഓണക്കളികൾ<br>ഓണസദ്യ | | |

| | | | | | |
|---|---|---|---|---|---|
| സെപ്റ്റംബർ രണ്ടാം വാരം | | | | | |
| | പരിസര പഠനം | ഓസോൺ ദിനാചരണം | ചാർട്ട് നിർമ്മാണം<br>ഓസോൺ ദിനം ബോധവൽക്കരണം | ഓസോൺ ദിനം | |
| ഒക്ടോബർ 1 | | അമ്മൂമ്മയും മൊത്തൊരു ദിനം | പ്രദേശത്തെ ഏറ്റവും പ്രായം ചെന്ന മുത്തശ്ശിയുമായി ഒരു ദിവസം ആദരിക്കൽ | വൃദ്ധ ദിനം | |
| | പരിസ്ഥിതി ദിനം | ഗാന്ധിയെ അറിയാം | ഗാന്ധി സിനിമ<br>ക്വിസ്<br>ചാർട്ട് നിർമ്മാണം<br>പരിസര ശുചീകരണം | ഗാന്ധിജി ജയന്തി ദിനം | |
| | | ഫീൽഡ് ട്രിപ്പ് | പാക്കനാർപുരം<br>ഗാന്ധി സദനം സന്ദർശനം | | |
| | ഗണിതം | ഗണിത പാറ്റേൺ | ഗണിത പാറ്റേൺ നിർമ്മാണ മത്സരം | | |
| | മലയാളം | പ്രസംഗ മത്സരം | നാടൻ ഭക്ഷണത്തിന്റെ ഗുണമേന്മ<br>ഫുഡ് ഇൻസ്പെക്ടറുമായി അഭിമുഖം | ലോക ഭക്ഷ്യ ദിനം | |
| നവംബർ | പരിസര പഠനം | കേരളപ്പിറവി ദിനം | ക്വിസ്<br>ചാർട്ട് നിർമ്മാണം<br>കേരള ജില്ലയിലൂടെ<br>കേരളത്തിന്റെ മാതൃക നിർമ്മാണം | കേരളപ്പിറവി ദിനം | |
| | | പ്രവർത്തിപരിചയ പഠന ശില്പശാല | വിദഗ്ദന്റെ ക്ലാസ് | | |
| നവംബർ 14 | | ശിശുദിനം | ശിശുദിന റാലി<br>ചാർട്ട് നിർമ്മാണം<br>ചിത്രരചന | ശിശുദിനം | |

| | | | | | |
|---|---|---|---|---|---|
| നവംബർ 17 | | പ്രതിഭാ പോഷണ പരിപാടി<br><br>മധുര മലയാളം | എല്ലാ കുട്ടികൾക്കും മലയാളം പ്രാപ്തരാക്കൻ | സർവ്വേ ദേശീയ വിദ്യാർത്ഥി ദിനം | |
| ഡിസംബർ | | പഠനയാത്ര<br><br>പ്രതിഭാ പോഷൻ പരിപാടി<br><br>വായനോത്സവം<br><br>CPTA | ഗണിത ക്ലബ്ബിൻറെ നേതൃത്വത്തിൽ ഗണിത മാഗസിൻ നിർമ്മാണം ഗണിതശാസ്ത്രജ്ഞന്മാരെ അറിയാൻ | തുഞ്ചൻ ദിനം<br>ശ്രീനിവാസ രാമാനുജൻ ദിനം | |
| ജനുവരി | | പുതുവത്സരാഘോഷം | New year card നിർമ്മാണം (English club) | | |
| ജനുവരി 16 | | കവിതാലാപനം | ആശാൻറെ കവിതകൾക്ക് സംഘമായി ചേർന്ന് ഈണം കണ്ടെത്തി അവതരിപ്പിക്കൽ | ആശാൻ ദിനം | |
| ജനുവരി 26 | | Republic day | ക്വിസ്<br>ചാർട്ട് നിർമ്മാണം<br>സ്വാതന്ത്രസമര സേനാനികളെ അനുസ്മരിക്കൽ | റിപ്പബ്ലിക് ദിനം | |
| ജനുവരി 30 | | | | രക്തസാക്ഷി ദിനം | |

| | | | | |
|---|---|---|---|---|
| ഫെബ്രവരി | പരിസര പഠനം | തണ്ണീർത്തട സന്ദർശനം | പ്രദേശത്തെ കാവുകളും തണ്ണീർത്തടങ്ങളും സന്ദർശിക്കൽ | തണ്ണീർത്തട സംരക്ഷണ ദിനം |
| | മലയാളം | മാഗസിക നിർമ്മാണം | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാഗസിൻ നിർമ്മാണം | |
| ഫെബ്രവരി 28 | പരിസര പഠനം | | ശാസ്ത്ര ക്ലബ്ബിൻറെ നേതൃത്വത്തിൽ ICTസഹായത്താൽ CVരാമനെ കുറിച്ച് അറിയൽ | ദേശീയ ശാസ്ത്ര ദിനം |
| മാർച്ച് | പരിസര പഠനം | ജലസംരക്ഷണ പ്രവർത്തനം | ജലസംരക്ഷണ ബോധവൽക്കരണ പരിപാടികൾ | ജലദിനം |
| | | school Fest | കുട്ടികളുടെ കലാപരിപാടികൾ അവതരണം | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേപ്പയൂർ നോർത്ത് എൽ പി സ്കൂൾ

### അറബിക്

**ലക്ഷ്യങ്ങൾ :-**

1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്
2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു.
4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്.
5. മാഗസിൻ നിർമ്മാണം
6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷമാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുമ്പിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണകാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>○ എഴുത്തു രീതി<br>○ ചിഹ്നങ്ങൾ ചേർത്തു വായന | 1. അക്ഷര കാർഡുകൾ നൽകുന്നു.<br>2.അക്ഷരങ്ങൾക്ക് നിറം നൽകൽ<br>3.ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു.<br>5.ICT ഉപയോഗിക്കുന്നു. | 1. തെറ്റായ രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു.<br>2. രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷര പഠന സഹായി ഉപയോഗിക്കുന്നു.<br>4. വീടുകളിൽ അക്ഷര ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണ ശുദ്ധി ഉണ്ടാകുന്നു.<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്ത് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷമാസൂത്രണം | ഓരോഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുമ്പിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമ്മാണം, പദ ശേഖരണം | അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു.<br>പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരങ്ങൾ നൽകാം<br>പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു.<br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA<br>CPTA | ആഗസ്ത് സെപ്തംബർ ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു. | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>................................................<br>നിത്യേന ക്ലാസിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. | വീടകളിലും സന്ദർഭത്തിനനുസരിച്ച് പറഞ്ഞുശീലിക്കാൻ | | | ആഗസ്ത്, സെപ്തംബർ, ഒക്ടോബർ, നവംബർ |
| കവിത കേട്ട് ആസ്വദിക്കുന്നു.<br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു. ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിതാ ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ച് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | | ഡിസംബർ മാർച്ച് |
| ദിനാചരണം | അറബി ഭാഷാ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാടുകൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിൻറെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ, മാർച്ച് |

വിദ്യാലയത്തിന്റെ പേര് : മേപ്പയൂർ നോർത്ത് എൽ പി സ്കൂൾ
വിഭാഗം : എൽ പി
വിഷയം : മലയാളം
മേഖല : വായന
പ്രവർത്തനത്തിന്റെ പേര് :
പ്രതീക്ഷിത നേട്ടങ്ങൾ : 1. എല്ലാ കുട്ടികളെയും വായനയിലേക്ക് പ്രാപ്തരാക്കുക
2. വായനാ നിത്യ ജീവിതത്തിന്റെ ഭാഗമാക്കുക

| Sl No | പ്രവർത്തനം | പ്രവർത്തന വിശദാംശങ്ങൾ | നിർവഹണ കാലം | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1 | CPTA | കുട്ടികളിലെ വായനാ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു | | | |
| 2 | വായിക്കാം കണ്ടെത്താം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് വായനാ കാർഡ് നൽകുന്നു. വായിക്കാൻ അവസരം നൽകുന്നതോടൊപ്പം വായിച്ച കഥകൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | | | |
| 3 | ചങ്ങല വായന | പത്രത്തിൻറെ എഡിറ്റോറിയൽ പേജ് കുട്ടികളെക്കൊണ്ട് ചങ്ങല രൂപത്തിൽ ഉറക്കെ വായിപ്പിക്കുന്നു. | | | |
| 4 | ആഴ്ചയിൽ ഒരു വായനക്കുറിപ്പ് | സ്കൂൾ തല ലൈബ്രറിയിലെ പുസ്തകങ്ങൾ ഓരോ ആഴ്ചയും എടുക്കാൻ അവസരം നൽകുന്നു വായിച്ച പുസ്തകങ്ങളെ പറ്റി കുറിപ്പെഴുതാൻ നിർദ്ദേശിക്കുന്നു. ഓരോ മാസവും മികച്ച രീതിയിൽ വായനക്കുറിപ്പ് എഴുതിയ കുട്ടിക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു. വായനാകുറുപ്പ് ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. | | | |
| 5 | ക്ലാസ് ലൈബ്രറി | വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു. | | | |
| 6 | ആഴ്ചയിൽ ഒരു കവിത | ആഴ്ചയിൽ പുസ്തകത്തിന് പുറത്തുള്ള കവിത ചാർട്ടിൽ എഴുതി അവതരിപ്പിക്കുന്നു. കുട്ടികൾ ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു. | | | |
| 7 | ശ്രദ്ധ മലയാളത്തിളക്കം | മലയാളത്തിളക്കം ശ്രദ്ധ പ്രവർത്തനങ്ങൾ നടത്തുന്നു | | | |

വിദ്യാലയത്തിന്റെ പേര് : മേപ്പയൂർ നോർത്ത് എൽ പി സ്കൂൾ
വിഭാഗം : എൽ പി

വിഷയം : ഗണിതം

മേഖല : സംഖ്യാബോധനം വ്യാഖ്യാനം സ്ഥാന വില

പ്രവർത്തനത്തിന്റെ പേര് : സ്ഥാനവില പോക്കറ്റ്

അശ്വമേധം

ഗണിത ക്വിസ്

ഡൊമിനോകളി

ഗണിത മാഗസിൻ

പ്രതീക്ഷിത നേട്ടങ്ങൾ : എല്ലാ കുട്ടികളിലും സംഖ്യാബോധവും വ്യാഖ്യാനവും സ്ഥാന വിലയും ഉറപ്പിക്കുക.

| Sl No | പ്രവർത്തനം | പ്രവർത്തന വിശദാംശങ്ങൾ | നിർവഹണ കാലം | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1<br><br><br><br><br><br><br><br><br><br><br><br><br>2. | പെറുക്കിയെടുക്കാം എണ്ണി നോക്കാം.<br><br><br><br><br><br><br><br><br><br><br><br><br><br>സ്ഥാന വില പോക്കറ്റ് | ക്ലാസ്സിൽ വിതറിയിട്ട മഞ്ചാടിക്കുരു ഓരോരുത്തരോടും പെറുക്കിയെടുത്ത് എണ്ണിത്തിട്ടപ്പെടുത്താൻ പറയുന്നു ശേഷം അതിന് അനുയോജ്യമായ കാർഡുകൾ കണ്ടെത്തുന്നു. ആദ്യം കണ്ടെത്തുന്നവർക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നു പൂക്കൾ കല്ല് മുത്ത് എന്നിവ ഉപയോഗിച്ച് പ്രവർത്തനം ആവർത്തിക്കുന്നു ആർക്കാണ് കൂടുതൽ കിട്ടിയത് എത്ര കൂടുതൽ എന്നിങ്ങനെ ചോദിച്ചു പ്രവർത്തനങ്ങൾ ആവർത്തിക്കുന്നു ഇതോടൊപ്പം ഗണിത വിജയ പ്രവർത്തനങ്ങൾ നടത്തുന്നു. ഗാസ്സുകൾ എടുക്കൽ, മാല കോർക്കൽ, ടോക്കൺ വാരാം, പൂമ്പാറ്റയെ ഇരുത്താം, ഡൈസ് കളി,<br><br>ഓരോ കുട്ടിക്കും സ്ഥാനവില പോക്കറ്റ് നൽക്കുന്നു. തുടർന്ന് ടീച്ചർ ഒരു സംഖ്യ പറയുന്നു ആ സംഖ്യ | | | |

| | | | | | |
|---|---|---|---|---|---|
| | | സ്ഥാന വില പോക്കറ്റിൽ രൂപീകരിച്ചു കാണിക്കുന്നു. വേഗത്തിൽ ചെയ്യുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു സംഖ്യകൾ മാറ്റി നൽകി. എല്ലാ കുട്ടികളെ കൊണ്ട് പ്രവർത്തനം ചെയ്യിപ്പിക്കുന്നു | | | |
| | അശ്വമേധം | ടീച്ചർ ഒരു സംഖ്യ എഴുതിയ കാർഡ് മേശപ്പുറത്ത് കമി ഴ്ത്തി വയ്ക്കുന്നു ടീച്ചർ സംഖ്യയെ പറ്റി ചില സൂചനകൾ നൽകുന്നു. ഉദാ: 50 നും 100 നും ഇടയിൽ. കുട്ടികൾക്ക് പരമാവധി 10 ചോദ്യങ്ങൾ ടീച്ചറോട് ചോദിക്കാം ടീച്ചർ അതേ അല്ലെങ്കിൽ അല്ല എന്നുള്ള ഉത്തരങ്ങൾ നൽകും 10 ചോദ്യങ്ങൾക്കുള്ളിൽ ഉത്തരം കണ്ടെത്തുക എന്നതാണ് ലക്ഷ്യം. സംഖ്യാബോധവും സംഖ്യ വ്യാഖ്യാനവും ഇതിലൂടെ ഉറപ്പിക്കാം | | | |
| | ഗണിത ക്വിസ് | ഗണിത ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ഓരോ മാസത്തിലും ഗണിത ക്വിസ് നടത്തുന്നു. | | | |
| | ഡൊമിനോ കളി | ഇടവേളകളിൽ കുട്ടികളെ ഗ്രൂപ്പ് ആയി തിരിച്ചു ഡൊമിനോസ് കളിപ്പിക്കുന്നു. | | | |
| | ഗണിത മാഗസിൻ | ഓരോ കുട്ടിയുടെയും ഗണിതവുമായി ബന്ധപ്പെട്ട പലതരം പ്രവർത്തനങ്ങൾ എഴുതി തയ്യാറാക്കി മാഗസിൻ ഉണ്ടാക്കുന്നു.<br>ഗണിത വിജയം പ്രവർത്തനങ്ങൾ നടത്തുന്നു | | | |

Section : L P

Subject : English

Conditional Analysis : 40% of the students in 2,3,and 4 faces difficulty in reading writing English

Region : listening, speaking, reading, writing

Nature of activity : E way

Expected achievements :

Crate an English atmosphere

Provide more opportunity to listen in English and speak in English

Make a confidence among the children to use English language

Make it possible for children to read and write English.

| Name of Activity | Process | Execution time | Task | Monitoring |
|---|---|---|---|---|
| Pre test | Conduct a pre test for all students and fiend out the level of the children E Read and draw description<br><br>Children condition convincing the parent and ensure parents help this learning process | June | Class Teacher | H M |
| CPTA | Make learning aids and find out more resources<br><br>Conduct English assembly twice in a weak. Provide opportunities to news paper reading singing and speech | July | Class Teacher | H M |
| Learning aids | Each day teachers shows a picture with the help of ICT. Let the children to observe the picture provide | August | | H M |

| | | | | |
|---|---|---|---|---|
| English assembly | children to tell the words related to that picture. At the time teacher write it on the black board. Then let student to speak about the picture and write about it | | SRG | |
| | Make an English corner in the class room.(English Stories, rhymes, tongce,….. ) | Twice in week Wednesday, Thursday | English Teacher | H M |
| Each day each picture | Every day conduct different programmes under the leader ship of English club<br>➢ News paper reading, every day<br>➢ Story time- Monday<br>➢ Rhymes- Tuesday<br>➢ Games- Wednesday<br>➢ Tonglice twislers- Thursday | Every day until the last day | Class Teacher | H M |
| | Paper an English magazine | | Class Teacher, Students | |
| English corner | | November Ist week | Club members & teachers | H M |
| Active English Club | | November | Head teachers | H M |
| Magazine | | March | | H M |

# സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)

## വിദ്യാർത്ഥികളുടെ അംഗസംഖ്യ

## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

റവന്യൂ ജില്ലയുടെ പേര് : Kozhikode

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | MEPPAYUR NORTH M.L.P SCHOOL |
| 2 | വിലാസം | Meppayur |
| 3 | ഫോൺ നമ്പർ | 04962675237 |
| 4 | ഇ-മെയിൽ വിലാസം | northmlpmeppayur@gmail.com |
| 5 | സ്കൂൾ കോഡ് | 16522 |
| 6 | ആൺകുട്ടികൾ/ പെൺകുട്ടികൾ/ രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ് /അൺഎയിഡഡ് | Aided |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ്) | ആരംഭം: 1 അവസാനം: 4 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര * | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Melady |
| 11 | വിദ്യാഭ്യാസ ജില്ല | Vatakara |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1943 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Perambra |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Vadakara |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | Melady |
| 17 | താലൂക്ക് | Koyilandi |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Meppayur |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

ആറാം പ്രവൃത്തിദിനം 10 ജൂൺ 2025

വിദ്യാർത്ഥികളുടെ എണ്ണം

| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലിം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ. ബി. സി | | | മറ്റുള്ളവ | | | എ. പി. എൽ | | | ബി. പി. എൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 1 | 14 | 14 | 28 | 2 | 1 | 3 | 0 | 1 | 1 | 9 | 10 | 19 | 0 | 0 | 0 | 2 | 2 | 4 | 1 | 0 | 1 | 9 | 7 | 16 | 5 | 7 | 12 |
| 2 | 1 | 13 | 7 | 20 | 1 | 1 | 2 | 0 | 0 | 0 | 3 | 1 | 4 | 0 | 0 | 0 | 8 | 4 | 12 | 1 | 1 | 2 | 6 | 5 | 11 | 7 | 2 | 9 |
| 3 | 1 | 6 | 11 | 17 | 1 | 2 | 3 | 0 | 0 | 0 | 5 | 5 | 10 | 0 | 0 | 0 | 0 | 4 | 4 | 0 | 0 | 0 | 4 | 7 | 11 | 2 | 4 | 6 |
| 4 | 2 | 14 | 18 | 32 | 0 | 1 | 1 | 0 | 0 | 0 | 7 | 11 | 18 | 0 | 0 | 0 | 6 | 5 | 11 | 1 | 1 | 2 | 9 | 10 | 19 | 5 | 8 | 13 |
| ആകെ | | 47 | 50 | 97 | 4 | 5 | 9 | 0 | 1 | 1 | 24 | 27 | 51 | 0 | 0 | 0 | 16 | 15 | 31 | 3 | 2 | 5 | 28 | 29 | 57 | 19 | 21 | 40 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ്, സിക്ക്, ബുദ്ധിസ്റ്റ്, സൊരാഷ്ട്രിയൻസ് (പാഴ്സി)

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 14 | 14 | 28 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 14 | 14 | 28 |
| 2 | 13 | 7 | 20 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 13 | 7 | 20 |
| 3 | 6 | 11 | 17 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 6 | 11 | 17 |
| 4 | 14 | 18 | 32 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 14 | 18 | 32 |
| ആകെ | 47 | 50 | 97 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 47 | 50 | 97 |

ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡി.ഹിന്ദി | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 14 | 14 | 28 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 2 | 13 | 7 | 20 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 3 | 6 | 11 | 17 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 4 | 14 | 18 | 32 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 47 | 50 | 97 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

| ADDITIONAL വിഷയങ്ങൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| STANDARD | ARABI | | | URDU | | | KONKINI | | |
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 1 | 10 | 10 | 20 | 0 | 0 | 0 | 0 | 0 | 0 |
| 2 | 5 | 2 | 7 | 0 | 0 | 0 | 0 | 0 | 0 |
| 3 | 5 | 5 | 10 | 0 | 0 | 0 | 0 | 0 | 0 |
| 4 | 7 | 11 | 18 | 0 | 0 | 0 | 0 | 0 | 0 |
| TOTAL | 27 | 28 | 55 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം :


തീയതി :

ഹെഡ്മാസ്റ്ററുടെ ഒപ്പ്

Report Taken on June 10, 2025, 12:14 pm

# MEPPAYUR NORTH M L P SCHOOL

## SKETCH PLAN OF SCHOOL BUILDINGS 2017-18





Pre-KER Permanent 48' x 15' x 7¼' (1463 x 457 cms)

Post KER Semi Permanent 20' x 18' x 10' (610 x 549 cms)

New building GF: 128.75 $m^2$ FF: 128.75 $m^2$

6.00 x 5.50 x 5 Nos.




EXISTING SITE PLAN